**ഏലിയാ – സ്ലീവാക്കാലം നാലാം ഞായർ**

**മത്താ 4:12–17**

**യേശു ദൗത്യം ആരംഭിക്കുന്നു**

റവ.ഫാ. പോൾ മോറെലി

മറിയത്തിന്റെ പുത്രനായ യേശു, ക്രിസ്തുവും ദൈവപുത്രനുമാണെന്ന് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ ആരംഭത്തിൽ (1:14:11) പറയുന്നു. സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനും ദൈവപുത്രൻ ആകുന്നതിനുമുള്ള വഴി തുടർന്നു പഠിപ്പിക്കുന്നു (4:12–11:1). ഇതിന്റെ ആദ്യഭാഗമാണ് ഈ ബൈബിൾ ഭാഗം (4:12–17). മർക്കോസ് (1:14–15), ലൂക്കാ (4:14–15) സുവിശേഷങ്ങളിലും യേശുവിന്റെ ഈ ദൗത്യാരംഭം കാണാം. മരുഭൂമിയിലെ വാസവും പരീക്ഷയും കഴിഞ്ഞ് ആത്മനിറവിൽ കർമ്മനിരതനാകുന്ന യേശുവിനെയാണ് സുവിശേഷകന്മാർ അവതരിപ്പിക്കുന്നത്.

ഈ വചനഭാഗത്തിന്റെ പഴയനിയമ പശ്ചാത്തലം ഏശയ്യാ 9:1–2 ആണ്. "ദുഃഖത്തിലാണ്ടു പോയവളുടെ അന്ധകാരം നീങ്ങിപ്പോകും. ആദ്യകാലങ്ങളിൽ സെബുലൂണിന്റെയും നഫ്താലിയുടെയും ദേശങ്ങളെ അവിടുന്ന് നിന്ദനത്തിന് ഇരയാക്കി. എന്നാൽ, അവസാന നാളുകളിൽ സമുദ്രത്തിലേക്കുള്ള പാതയെ, ജോർദ്ദാനക്കരെയുള്ള ദേശത്തെ, ജനതകളുടെ ഗലീലിയെ അവിടുന്ന് മഹത്വപൂർണമാക്കും. അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു."

ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് യഹൂദ മതകേന്ദ്രമായ ജെറുസലേമിലല്ല, പലസ്തീനായുടെ വടക്കേ അറ്റത്തുള്ള ഗലീലിയിലാണ്. ഉത്ഥാനശേഷം ശിഷ്യരെ ദൗത്യമേൽപിക്കുന്നതും (മത്താ. 28:16) ഗലീലിയിൽ വച്ചാണ്. പലസ്തീനായിലെ ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമായിരുന്നു ഇത്. ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശവും ഇത് തന്നെയായിരുന്നു. ഗലീലി തടാകത്തിന് ചുറ്റുമുള്ള 204 ഗ്രാമങ്ങളിലായി യഹൂദരും വിജാതീയരും പാർത്തിരുന്നു. യഹൂദരിൽ ഭൂരിഭാഗവും ആഷേർ, നഫ്ത്താലി, സെബുലൂൺ വംശജരായിരുന്നു. എന്തുകൊണ്ടാകാം ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നതിനുവേണ്ടി ഈ പ്രദേശം തിരഞ്ഞെടുക്കാൻ സാധ്യത? പ്രധാന റോഡുകളെല്ലാം കടന്നുപോയിരുന്നത് ഗലീലിയിലൂടെയായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ഒരു വാണിജ്യകേന്ദ്രവും ഇതായിരുന്നു. തന്മൂലം ഒരു വാണിജ്യ സംസ്കാരവും അവിടെ നിലനിന്നിരുന്നു. ഇവിടെ വസിച്ചിരുന്ന ജനം പുതിയ ആശയങ്ങളോടും കാര്യങ്ങളോടും തുറവിയുള്ളവരായിരുന്നു. വിജാതീയരുടെ ഗലീലി എന്നറിയപ്പെട്ടിരുന്ന സെബുലൂൺ, നഫ്ത്താലി പ്രദേശങ്ങളിലെ ഈശോയുടെ പ്രവർത്തനം അവിടുത്തെ ദൗത്യത്തിന്റെ സാർവത്രിക മാനത്തെ വ്യക്തമാക്കുകയും ചെയ്യും. ഇക്കാരണത്തെല്ലാം ഗലീലി പ്രദേശം തന്റെ ദൗത്യത്തിന്റെ ഇടമാക്കാൻ ഈശോയെ പ്രേരിപ്പിച്ചിട്ടുണ്ടാകാം.

"അന്ധകാരത്തിലിരുന്ന ജനം വലിയ പ്രകാശം കണ്ടു" (v. 16). ഗലീലിയിലെ പീഡിതരായ ഇസ്രായേൽക്കാരാണ് അന്ധകാരത്തിലിരുന്ന ജനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സെബുലൂൺ – നഫ്ത്താലി പ്രദേശത്തെ ജനം ആത്മീയതിമിരം ബാധിച്ചവരെപ്പോലെ അന്ധകാരത്തിലായിരുന്നു. യേശുവാകുന്ന പ്രകാശവും (യോഹ. 8:12) ജീവനും (യോഹ. 10:10) എല്ലാ അന്ധകാരത്തെയും തുടച്ചുനീക്കും.

യേശു പ്രസംഗിക്കാൻ തുടങ്ങി: "മാനസന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു"(v. 17). ഈശോയുടെ പ്രസംഗത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഗ്രീക്ക് വാക്ക് 'കെറുസെയിൻ' ആണ്. രാജാവിൽ നിന്നും വരുന്ന കാര്യങ്ങൾ അതേപടി രാജാവിന്റെ ദൂതൻ (കെറുക്ക്സ്) പ്രഘോഷിക്കുന്നതിനെയാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. ഈശോ പ്രഘോഷിക്കുന്നത് പിതാവിൽ നിന്നും പഠിച്ച കാര്യങ്ങളാണ് (യോഹ. 5:36). 'മാനസാന്തരപ്പെടുവിൻ' (മെതനോയിയ) മനസ്സിന്റെ അന്തരമാണ്. ഒരു പുതിയ ദിശയിലേക്കുള്ള പ്രയാണമാണിത്. പ്രകാശത്തിലേക്കുള്ള യാത്ര. "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" – ദൈവത്തിന്റെ പേരു പറയാതെ സമാന്തര സുവിശേഷങ്ങൾ പൊതുവിൽ ചെയ്യുന്നത് പോലെ വിശുദ്ധ മത്തായിയും സ്വർഗരാജ്യം എന്നു പറയുന്നു. ഈശോയുടെ പ്രഘോഷണത്തിന്റെ കേന്ദ്ര ആശയമാണ് സ്വർഗരാജ്യ സംസ്ഥാപനം സ്വർഗരാജ്യ സൃഷ്ടിയിലൂടെ അന്ധകാരം അകന്നു പ്രകാശമുണ്ടാകും.